**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 132** — **15-06-2012 - ലെ മറുപടിയ്ക്ക്**

## ഇടുക്കി, കുട്ടനാട് പാക്കേജുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.സി.ജോർജ്<br>ഡോ. എൻ ജയരാജ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | ഇടുക്കി, കുട്ടനാട് പാക്കേജുകളുടെ പ്രവർത്തനം ഏതുഘട്ട ത്തിലാണെന്ന് അറിയിക്കുമോ; | (എ) | ഇടുക്കി പാക്കേജ് പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. കുട്ടനാട് പാക്കേജ് പദ്ധതികളിൽ ജലസേചന വകുപ്പ് ഒഴികെ കൃഷി വകുപ്പ്, കാർഷിക സർവകലാശാല, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, മൃഗസംരക്ഷണ വകുപ്പ്, വനം വകുപ്പ്, വിനോദ സഞ്ചാര വകുപ്പ് തുടങ്ങിയവ നടപ്പിലാക്കുന്ന പ്രവർത്തികളിൽ ഭൂരിഭാഗവും അവസാന ഘട്ടങ്ങളിലാണ്. ജലസേചന വകുപ്പിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പാക്കേജുകളിൽ ഉൾപ്പെ ടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന എത്ര പ്രോജക്ടുകൾക്ക് നാളിതു വരെ കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചുവെന്നും എത്ര തുക അനുവ ദിച്ചു; | (ബി) | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തിയ വിവിധ വകുപ്പുകളുടെ 13 പദ്ധതികളിൽ 396.60 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി കേന്ദ്രത്തിന് നൽകിയതിൽ 238.92 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 110.19 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 79.065 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്. കുട്ടനാട് പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള 50 വിവിധ പ്രവർത്തികളിൽ 47 പ്രവർത്തികൾക്കായി 4240 കോടി രൂപയുടെ ഡി.പി.ആറുകൾ കേന്ദ്രത്തിനു സമർപ്പിക്കുകയും ടി തുകയിൽ 1292 കോടി രൂപയ്ക്ക് നാളിതുവരെ അനുമതി ലഭിക്കുകയും അതിൽ 210 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.. കൂടാതെ കുട്ടനാട് വികസനത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷന് കീഴിൽ നീക്കിവെച്ചിട്ടുള്ള 300 കോടി രൂപയിൽ 177 കോടി രൂപ വിവിധ പദ്ധതികൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകുന്ന പ്രസ്തുത പാക്കേജുകൾ താമസം വിനാ പൂർണ്ണ അർത്ഥത്തിൽ യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | പാക്കേജുകളുടെ നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിനായി ബഹു: മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷിക ഉത്പാദന കമ്മിഷണർ എന്നിവർ അധ്യക്ഷൻമാരായി രൂപീകരിച്ചിട്ടുള്ള 3 കമ്മിറ്റികൾ മുഖേന കാലാകാലങ്ങളിൽ പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും പാക്കേജുകളുടെ നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**